**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം**

**(ഹാജർ :- ഡോ.കെ.വാസുകി.ഐ.എ.എസ്)**

വിഷയം ; - കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - ശ്രീ.അജയകുമാർ, മെക്കാനിക്ക് - സീനിയർ മെക്കാനിക്ക് തസ്തികയിലേയ്ക്കുള്ള പ്രമോഷനിൽ നിന്നും ഒഴിവാകുന്നതിനും അസിസ്റ്റൻറ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പ്രമോഷൻ അനുവദിക്കുന്നതിനുള്ള ആവശ്യം (അനക്സർ - A(5) - ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻെറ 16/02/2021 ലെ ഒ.എ 388/2021 നംപർ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം ;-

1) കൃഷി ഡയറക്ടറുടെ 16/02/2021 ലെ എസ്.എച് (1) 12405/19 ലെ സീനിയർ മെക്കാനിക്ക് തസ്തികയിലേയ്ക്കുള്ള ഉത്തരവ്
2) ആലപ്പുഴ, ചേർത്തല, കൊച്ചു വെളിയിൽ, സി.എം.സി 27 വീട്ടിൽ, സി.അജയകുമാറിൻെറ നിവേദനം (അനക്സർ - A(5) )
3) ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻെറ 16/02/2021 ലെ ഒ.എ 388/2021 നംപർ ഉത്തരവ്

**ഉത്തരവ് നം.ADFW/1420/2021-SH1 തീയതി : 16/03/2021**

പരാമർശം (1) പ്രകാരം മെക്കാനിക്ക് തസ്തികയിൽ നിന്നും സീനിയർ മെക്കാനിക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൻ പ്രകാരം മെക്കാനിക്ക് തസ്തികയിൽ നിന്നും ശ്രീ.അജയകുമാറിനെ സീനിയർ മെക്കാനിക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ആലപ്പുഴ ജില്ലയിൽ നിന്നും തിരുവനന്തപുരം ജില്ലയിലേയ്ക്ക് നിയമിക്കുകയുണ്ടായി.

എന്നാൽ ആലപ്പുഴ കായംകുളം കൃഷി അസിസ്റ്റൻറ് ഡയറക്ടറുടെ കാര്യാലയത്തിൽ മെക്കാനിക്ക് തസ്തികയിൽ ജോലി നോക്കിവരുന്ന ശ്രീ.അജയകുമാർ.സി ടിയാളുടെ പ്രമോഷൻ തസ്തികയായ സീനിയർ മെക്കാനിക്ക് തസ്തികയിലെ ഉദ്യോഗക്കയറ്റം പരിഗണിക്കേണ്ടതില്ലെന്ന് പരാമർശം (2) പ്രകാരം ഈ കാര്യാലയത്തിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ മെക്കാനിക്ക് തസ്തികയിൽ ജോലി നോക്കിയിരുന്ന കാലയളവിൽ ടിയാൻ 8 വർഷത്തേയും / 15 വർഷത്തേയും സമയബന്ധിത ഹയർ ഗ്രേഡുകൾ സ്വീകരിക്കുകയും മാത്രമല്ല ടി തസ്തികയിൽ പ്രമോഷൻ വരുകയാണെങ്കിൽ ആയത് നിരസിക്കുകയില്ല എന്ന സത്യപ്രസ്താവന നൽകുകയും ആയത് സേവന പുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ടിയാൾ നിയമപരമായി സീനിയർ മെക്കാനിക്കിൻെറ പ്രമോഷൻ തസ്തിക സ്വീകരിക്കാൻ ബാദ്ധ്യസ്ഥനാണ്. മാത്രമല്ല ടിയാൾ സീനിയർ മെക്കാനിക്ക് തസ്തികയിൽ ലഭിക്കേണ്ട ശംബള വർദ്ധനവ് സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചതുമൂലം ആനുകൂല്യങ്ങൾ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല അസിസ്റ്റൻറ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള കാറ്റഗറി പ്രമോഷനിലേയ്ക്കുള്ള ഫീഡർ തസ്തികയിൽ സീനിയർ മെക്കാനിക്ക് തസ്തിക ഉൾപ്പെടുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ ടിയാൻ പരാമർശം (2) നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങൾ ചട്ടപ്രകാരം അനുവദനീയമല്ല. അപ്രകാരം അനക്സർ-A(5) നിവേദനം തീർപ്പാക്കി ഉത്തരവാകുന്നു. പരാമർശം (3) ലെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഒപ്പ്)

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ**

SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33

ബന്ധപ്പെട്ട ജീവനക്കാരന്

പി.എ.ഒ, ആലപ്പുഴ

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം

പകർപ്പ് / അധികം

ഐ.റ്റി.സെൽ